LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനസൗകര്യം

29 (3735) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി വിദ്യാർത്ഥികളുടെ പഠനസഹായത്തിനായി എത്ര രൂപയാണ് ചെലവഴിച്ചതെന്ന് അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി വിദ്യാർത്ഥികളുടെ പഠന സഹായത്തിനായി 12,709,688,733 രൂപ ചെലവഴിച്ചു.

(ബി) ഇത്രയും തുക ചെലവാക്കിയിട്ടും രണ്ട് ലക്ഷത്തോളം കുട്ടികൾ ഓൺലൈൻ ക്ലാസ്സുകൾക്ക് പുറത്താണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുടെ റിപ്പോർട്ട് പ്രകാരം ഒന്നാം ക്ലാസ്സു മുതൽ ബിരുദ-ബിരുദാനന്തരം വരെയുള്ള കോഴ്സുകളിൽ പഠിക്കുന്ന 39095 വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനം ലഭ്യമാക്കുന്നതിനുള്ള ഡിജിറ്റൽ ഡിവൈസ് ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മുഴുവൻ പട്ടികജാതി വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ അടിയന്തര നടപടികൾ കൈക്കൊള്ളും; വെളിപ്പെടുത്തുമോ?

ഓൺലൈൻ പഠനത്തിന് തടസ്സം നേരിടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടാബ്ലെറ്റും ബിരുദം, ബിരുദാനന്തര ബിരുദം, മറ്റ് പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും വാങ്ങി നൽകുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഡിജിറ്റൽ പഠന മുറികൾ

30 (3736) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ ഡിജിറ്റൽ പഠന മുറികൾ സജ്ജീകരിച്ച് ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് 250 കോളനികൾ കേന്ദ്രീകരിച്ച് നടപ്പിലാക്കിയിട്ടുള്ള ഇന്റർനെറ്റ് കണക്ഷനുള്ള സാമൂഹ്യ പഠനമുറികളിൽ വെബ്ക്യാം ഉപയോഗിച്ച് ഓൺലൈൻ ക്ലാസുകൾ കോവിഡ്-19 പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ് ലഭ്യത ലഭിക്കുന്ന മുറയ്ക്ക് പട്ടികവർഗ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി പ്രവർത്തിച്ചുവരുന്ന സാമൂഹ്യ പഠനമുറികളിലെല്ലാം ഡിജിറ്റൽ പഠന സൗകര്യമൊരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സാമൂഹ്യ പഠനമുറികൾ

31 (3737) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള സാമൂഹ്യ പഠന മുറികളിലെ പഠന പ്രവർത്തനങ്ങൾ നിലച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

പട്ടികജാതി വികസന വകുപ്പിൽ സാമൂഹ്യ പഠനമുറി ആരംഭിച്ചിട്ടില്ല. പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആരംഭിച്ച സാമൂഹ്യ പഠന മുറികളിൽ പഠന പ്രവർത്തനങ്ങൾ തുടരുന്നുണ്ട്. കോവിഡ് രോഗവ്യാപനം രൂക്ഷമാകുന്ന സാഹചര്യങ്ങളിൽ കണ്ടെയിൻമെന്റ് സോണുകളിൽ വരുന്ന സാമൂഹ്യ പഠന മുറികൾ താല്ക്കാലികമായി പ്രവർത്തനം നിർത്തിവയ്ക്കാറുണ്ടെങ്കിലും ഈ സ്ഥാപനങ്ങളിലെ ഫെസിലിറ്റേറ്റർമാർ കുട്ടികളുമായി ബന്ധപ്പെട്ട് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്.

(ബി) വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി കോവിഡ് കാലഘട്ടത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ നൽകാമോ?

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന വിദ്യാഭ്യാസ പദ്ധതികൾ പ്രകാരമുള്ള മുഴുവൻ ആനുകൂല്യങ്ങളും കോവിഡ് കാലത്തും വിദ്യാർത്ഥികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly